രാഷ്ട്രീയ ബന്ധം വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സി.പി.ഐ. (എം) പ്രവർത്തകരായ എത്രപേർ കൊല ചെയ്യപ്പെട്ടിട്ടുണ്ട് ; പേര് വിവരം നല്കാമോ ; കൊലപാതകവുമായി ബന്ധപ്പെട്ട് ഏതെങ്കിലും അന്വേഷണം സി.ബി.ഐ.ക്ക് വിടുകയുണ്ടായിട്ടുണ്ടോ ; ഓരോ കൊലപാതക കേസിലെയും പ്രതികൾ ഏതെല്ലാം രാഷ്ട്രീയ സംഘടനകളുമായി ബന്ധപ്പെട്ടവരായിരുന്നു ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 47 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ഓരോ കേസിലെയും പ്രതികളുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(ബി) ഈ സർക്കാരിന്റെ കാലത്ത് നടന്ന രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകരായ 10 പേർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. കൊല ചെയ്യപ്പെട്ടവരുടെ പേരു വിവരങ്ങളും പ്രതികളുടെ രാഷ്ട്രീയ സംഘടനകളുമായുള്ള ബന്ധവും അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.* ഈ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ കൊലപാതകങ്ങളിൽ സി.പി.ഐ. (എം) പ്രവർത്തകർ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഒരു കേസും സി.ബി.ഐ. അന്വേഷണത്തിന് വിടുകയുണ്ടായില്ല.

രാഷ്ട്രീയ കൊലപാതകങ്ങൾ

226 (227) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സി.പി.ഐ.(എം) പ്രവർത്തകരും, അനുഭാവികളും കൊല്ലപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1258 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 20 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(സി) 10 സി.പി.ഐ.(എം) പ്രവർത്തകർ/അനുഭാവികൾ കൊല്ലപ്പെട്ടിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മൂന്നും, തിരുവനന്തപുരം റൂറൽ ജില്ലയിൽ രണ്ടും, കൊല്ലം റൂറൽ, ഈടുക്കി, തൃശ്ശൂർ സിറ്റി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഓരോരുത്തർ വീതവും ആണ് കൊല്ലപ്പെട്ടിട്ടുള്ളത്.

രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട കേസുകൾ

227 (228) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; ഏതെല്ലാം തീയതികളിൽ ആരെല്ലാമാണ് കൊല്ലപ്പെട്ടത് ; വ്യക്തമാക്കാമോ ;

(ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഇ) ഇവയിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയവ ഏതെല്ലാം ;

(എഫ്) അന്വേഷണം സി.ബി.ഐ.-യെ ഏല്പിച്ചവ ഏതെല്ലാം ; അതിന്റെ കാരണം വിശദമാക്കാമോ ;

(ജി) കൊലപാതക കേസ് സി.ബി.ഐ.ക്ക് വിടുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ & ബി) 20 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. അതിൽ 19 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മറ്റു വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly